(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വിവിധ പെൻഷനുകളാണ് വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ. 27-7-2013-ലെ 363/2013/ധന നമ്പർ ഉത്തരവുപ്രകാരം ദേശീയ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗപെൻഷൻ എന്നിവ 1-8-2013 മുതൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 2013 ജൂൺ മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| | തുക ലക്ഷത്തിൽ |
|---|---|
| വികലാംഗ പെൻഷൻ | 13475.67 |
| അഗതി (വിധവ)പെൻഷൻ | 38863.88 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 14031.94 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | ഇല്ല. |

(സി) സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമപെൻഷനുകളായ വികലാംഗ പെൻഷൻ, അഗതി, (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയുടെ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| വികലാംഗ പെൻഷൻ | - 292302 |
| അഗതി (വിധവ) പെൻഷൻ | - 831376 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | - 380051 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - 57297 |

## സാമൂഹ്യക്ഷേമ പെൻഷൻ

357 (1827) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ ഏതൊക്കെ സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പെൻഷൻ ഇനത്തിലും എത്ര പേർക്ക് എന്ത് തുക വീതം നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ പെൻഷൻ ഇനത്തിലും നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യനീതി വകുപ്പുമുഖേന വിതരണം ചെയ്യുന്നത്.

(ബി) ഓരോ പെൻഷൻ ഇനത്തിലും ഉള്ള ഗുണഭോക്താക്കളുടെ എണ്ണവും തുകയും ചുവടെ ചേർക്കുന്നു :

| പെൻഷന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | പ്രതിമാസ വിഹിതം |
|---|---|---|
| വികലാംഗ പെൻഷൻ | 261342 | 700 രൂപ |
| 80% മുതൽ അംഗവൈകല്യമുള്ളവർ | 30960 | 1000 ,, |
| അഗതി (വിധവ) പെൻഷൻ | 831376 | 700 ,, |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 325545 | 500 ,, |
| 80 വയസ്സിനുമുകളിൽ പ്രായമുള്ളവർ | 54506 | 1100 ,, |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 57297 | 700 ,, |

(സി) സാമൂഹ്യനീതി വകുപ്പിന്റെകീഴിലുള്ള ക്ഷേമപെൻഷനുകൾ വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ്. 27-7-2013-ലെ 363/2013/ധന നമ്പർ ഉത്തരവുപ്രകാരം ദേശീയ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ 1-8-2013 മുതൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതുസംബന്ധിച്ച നടപടിക്രമങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 2013 ജൂൺ മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ ഒഴികെയുള്ള മറ്റ് എല്ലാ ക്ഷേമപെൻഷനുകൾക്കും 6 മാസത്തെ കുടിശ്ശികയുണ്ട്.

### മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനുവേണ്ടി മാറ്റിവച്ച തുക

358 (1828) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തികവർഷത്തിൽ മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനുവേണ്ടി മാറ്റിവച്ച തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly